# Unit-5 – പൊതുചെലവും പൊതുവരുമാനവും

1. **പൊതുചെലവ്:**
ജനക്ഷേമം ലക്ഷ്യമാക്കി സർക്കാർ ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം പണം ആവശ്യമാണ്. സർക്കാരിന്റ ചെലവുകൾ 'പൊതുചെലവ്' എന്നറിയപ്പെടുന്നു. സർക്കാരിന്റെ പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് പൊതുചെലവും വർദ്ധിക്കുന്നു. പൊതുചെലവുകളെ വികസനച്ചെലവുകൾ, വികസനേതരച്ചെലവുകൾ എന്നിങ്ങനെ തരംതിരിക്കാം.

2. **വികസനച്ചെലവുകൾ:**
റോഡ്, പാലം, തുറമുഖം തുടങ്ങിയവ നിർമ്മിക്കുക, പുതിയ സംരംഭങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങുക മുതലായ പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ചെലവുകളെയാണ് വികസനച്ചെലവുകളായി കണക്കാക്കുന്നത്.

3. **വികസനേതരച്ചെലവ്:**
യുദ്ധം, പലിശ, പെൻഷൻ തുടങ്ങിയവയ്ക്കുള്ള ചെലവുകളെ വികസനേതരച്ചെലവുകളായി കണക്കാക്കുന്നു.

4. **ഇന്ത്യയുടെ പൊതുച്ചെലവിൽ ക്രമാനുഗതമായ വർദ്ധനവുണ്ടാകുന്നു. കാരണം?:**
ജനസംഖ്യാവർദ്ധനവ്, പ്രതിരോധച്ചെലവിന്റെ വർദ്ധനവ്, ക്ഷേമപ്രവർത്തനങ്ങൾ, നഗരവൽക്കരണം.

5. **പൊതുവരുമാനം:**
സർക്കാരിന്റെ വരുമാനമാണ് പൊതുവരുമാനം. പ്രധാനമായും രണ്ടു സ്രോതസ്സുകളിൽനിന്നാണ് സർക്കാർ വരുമാനം കണ്ടെത്തുന്നത്.
   a. നികുതിവരുമാനം
   b. നികുതിയേതരവരുമാനം

6. **നികുതിവരുമാനം:**
സർക്കാരിന്റെ പ്രധാന വരുമാനസ്രോതസ്സാണ് നികുതികൾ. ക്ഷേമപ്രവർത്തനങ്ങൾ, വികസനപ്രവർത്തനങ്ങൾ എന്നിങ്ങനെ പൊതുതാല്പര്യത്തിനുവേണ്ടിയുള്ള ചെലവുകൾ വഹിക്കാനായി ജനങ്ങൾ സർക്കാരിന നിർബ്ബന്ധമായും നൽകേണ്ട പണമാണ് നികുതി. നികുതി നൽകുന്ന വ്യക്തിയെ 'നികുതിദായകൻ' എന്ന് വിളിക്കുന്നു. നികുതികൾ രണ്ടു വിധമുണ്ട് (i) പ്രത്യക്ഷനികുതി (ii) പരോക്ഷനികുതി.

7. **പ്രത്യക്ഷനികുതിയും പരോക്ഷനികുതിയും:**

   **പ്രത്യക്ഷനികുതി:**
   a. ആരിലാണോ നികുതി ചുമത്തുന്നത്, അയാൾതന്നെ നികുതിയടയ്ക്കുമ്പോൾ അതിനെ 'പ്രത്യക്ഷനികുതി' എന്നു പറയുന്നു.
   b. നികുതിഭാരം നികുതിദായകൻ അറിയുന്നു.
   c. നികുതിപിരിവിന ചെലവ് താരതമ്യേന കൂടുതലാണ്.
   ഉദാ: വ്യക്തിഗത ആദായനികുതി, കോർപ്പറേറ്റ് നികുതി.

   **പരോക്ഷനികുതി:**
   a. നികുതി ചുമത്തപ്പെടുന്നത് ഒരാളിലും നൽകുന്നത് മറ്റൊരാളും.
   b. നികുതിദായകൻ നികുതിഭാരം അറിയുന്നില്ല.
   c. നികുതിപിരിവിന ചെലവ് താരതമ്യേന കുറവാണ്.
   ഉദാ: മൂല്യവർദ്ധിത നികുതി, കസ്റ്റംസ് തീരുവ, സേവനനികുതി.

8. **വ്യക്തിഗത ആദായനികുതി:**
വ്യക്തികളുടെ വരുമാനത്തിന്മേൽ ചുമത്തുന്ന നികുതിയാണ് വ്യക്തിഗത ആദായനികുതി. വരുമാനം കൂടുന്നതനുസരിച്ച് നികുതി നിരക്ക് കൂടുന്നു.

9. **കോർപ്പറേറ്റ് നികുതി:**
കമ്പനികളുടെ അറ്റവരുമാനത്തിന്മേൽ അഥവാ ലാഭത്തിന്മേൽ ചുമത്തുന്ന നികുതിയാണിത്.

10. **മൂല്യവർദ്ധിത നികുതി:**
ഒരു ഉല്പന്നം വിവിധ ഘട്ടങ്ങളിലൂടെയാണ് ഉപഭോക്താവിന്റെ കൈയിലെത്തുന്നത്. ഓരോ ഘട്ടത്തിലും മൂല്യം ചേർക്കപ്പെടുന്നു. അങ്ങനെ ചേർക്കപ്പെടുന്ന മൂല്യത്തിന്മേൽ ചുമത്തുന്ന നികുതിയാണ് മൂല്യവർദ്ധിത നികുതി.

11. **എക്സൈസ് ഡ്യൂട്ടി:**
സാധനങ്ങളുടെ ഉല്പാദനഘട്ടത്തിൽ ചുമത്തുന്ന നികുതിയാണിത്.

GHSS PUTHOOR

12. **കസ്റ്റംസ് തീരുവ:**
സാധനങ്ങളുടെ ഇറക്കുമതിയിലും കയറ്റുമതിയിലും ചുമത്തുന്നു. ഇവ യഥാക്രമം ഇറക്കുമതിച്ചുങ്കം, കയറ്റുമതി ച്ചുങ്കം എന്നറിയപ്പെടുന്നു.

13. **സേവനനികുതി:**
സേവനങ്ങൾക്കുമേൽ ചുമത്തുന്ന അധികനികുതിയാണിത്.
ഉദാ: ടെലിഫോൺ സേവനങ്ങളുടെമേൽ ചുമത്തുന്ന നികുതി.

14. **സർച്ചാർജ്:**
നികുതിക്കുമേൽ ചുമത്തുന്ന അധികനികുതിയാണ് സർച്ചാർജ്. ഒരു നിശ്ചിത കാലത്തേക്കാണ് സാധാരണ സർച്ചാർജ് ചുമത്തുക.

15. **സെസ്സ്:**
സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന അധികനികുതിയാണ് സെസ്സ്. ആവശ്യത്തിനു പണം ലഭിച്ചുകഴിഞ്ഞാൽ സെസ്സ് നിർത്തലാക്കും. വ്യക്തിഗത ആദായനികുതിയോടൊപ്പം ചുമത്തുന്ന വിദ്യാഭ്യാസ സെസ്സ് ഇതിനുദാഹരണമാണ്. ഇത് ഇന്ത്യയിലെ വിദ്യാഭ്യാസ സൗകര്യങ്ങളുടെ വികസനം ലക്ഷ്യമാക്കിയുള്ള താണ്.

16. **സർക്കാരിന്റെ നികുതിവരുമാനം:**

| കേന്ദ്രസർക്കാർ | സംസ്ഥാനസർക്കാർ | തദ്ദേശസ്വയംഭരണ സർക്കാർ |
|---|---|---|
| കോർപ്പറേറ്റ് നികുതി | മൂല്യവർദ്ധിത നികുതി | വസ്തുനികുതി |
| വ്യക്തിഗത ആദായനികുതി | സ്റ്റാമ്പ് ഡ്യൂട്ടി, ഭൂനികുതി | തൊഴിൽനികുതി |
| യൂണിയൻ എക്സൈസ് ഡ്യൂട്ടി | സംസ്ഥാന എക്സൈസ് ഡ്യൂട്ടി | വിനോദനികുതി |

17. **നികുതിയേതര വരുമാനസ്രോതസ്സുകൾ:**
a. **ഫീസ്**: സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഈടാക്കുന്നതാണ് ഫീസ്. ലൈസൻസ് ഫീസ്, രജി സ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ് മുതലായവ ഉദാഹരണങ്ങളാണ്.
b. **ഫൈനുകളും പെനാൽറ്റികളും**: നിയമം ലംഘിക്കുന്നതിനു നൽകുന്ന ശിക്ഷയാണ് ഫൈനുകളും പെനാൽറ്റികളും.
c. **ഗ്രാന്റ്**: ഒരു സർക്കാർ മറ്റൊരു സർക്കാരിനു നൽകുന്ന സാമ്പത്തിക സഹായമാണ് ഗ്രാന്റുകൾ. ഉദാഹരണ മായി, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് ഗ്രാന്റുകൾ നൽകുന്നു.
d. **പലിശ**: സർക്കാർ വിവിധ സംരംഭങ്ങൾക്കും ഏജൻസികൾക്കും രാജ്യങ്ങൾക്കും നൽകുന്ന വായ്പകൾക്ക് പലിശ ലഭിക്കുന്നു.
e. **ലാഭം**: സർക്കാർ നടത്തുന്ന സംരംഭങ്ങളിൽനിന്നുള്ള വരുമാനമാണ് ലാഭം.
ഉദാ: ഇന്ത്യൻ റെയിൽവേയിൽനിന്നുള്ള ലാഭം.

18. **പൊതുകടം:**
സർക്കാർ വാങ്ങുന്ന വായ്പകളാണ് പൊതുകടം. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വായ്പകൾ വാങ്ങാ റുണ്ട്. ഇവ യഥാക്രമം ആഭ്യന്തരകടം, വിദേശകടം എന്നറിയപ്പെടുന്നു.

a. **ആഭ്യന്തരകടം:**
രാജ്യത്തിനകത്തുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാർ വാങ്ങുന്ന വായ്പകളെയാണ് ആഭ്യന്തരകടം എന്നു പറയുന്നത്.

b. **വിദേശകടം:**
വിദേശ ഗവൺമെന്റുകളിൽനിന്നും അന്തർദ്ദേശീയ സ്ഥാപനങ്ങളിൽനിന്നും സർക്കാർ വാങ്ങുന്ന വായ്പക ളാണ് വിദേശകടം.

19. **ഇന്ത്യയിൽ പൊതുകടം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ:**
ജനസംഖ്യാ വർദ്ധനവ്, പ്രതിരോധരംഗത്തെ വർദ്ധിച്ച ചെലവ്, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, വികസനപ്ര വർത്തനങ്ങൾ.

20. **പൊതുധനകാര്യം:**
പൊതുവരുമാനം, പൊതുചെലവ്, പൊതുകടം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന സാമ്പത്തികശാസ്ത്രശാഖ യാണ് പൊതുധനകാര്യം. പൊതുധനകാര്യസംബന്ധമായ കാര്യങ്ങൾ ബജറ്റിലൂടെയാണ് പ്രതിപാദിക്കുന്നത്.

21. **ബജറ്റ്:**
ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യരേഖയാണ് ബജറ്റ്. ഇന്ത്യയിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് സാമ്പത്തികവർഷം.

GHSS PUTHOOR

22. **<u>ബജറ്റിന്റെ തരങ്ങൾ:</u>**

a. **<u>സന്തുലിതബജറ്റ്:</u>**
വരുമാനവും ചെലവും തുല്യമായിവരുന്ന ബജറ്റാണ് സന്തുലിതബജറ്റ്.

b. **<u>മിച്ചബജറ്റ്:</u>**
വരുമാനം ചെലവിനേക്കാൽ കൂടുതലുള്ള ബജറ്റിനെ മിച്ചബജറ്റ് എന്നു വിശേഷിപ്പിക്കുന്നു.

c. **<u>കമ്മിബജറ്റ്:</u>**
ചെലവ് വരവിനേക്കാൽ കൂടുതലുള്ള ബജറ്റിനെ കമ്മിബജറ്റ് എന്നു പറയുന്നു.

23. **<u>ധനനയം – ലക്ഷ്യങ്ങൾ:</u>**
പൊതുവരുമാനം, പൊതുചെലവ്, പൊതുകടം എന്നിവയെ സംബന്ധിച്ച സർക്കാർ നയമാണ് ധനനയം. ഈ നയം നടപ്പിലാക്കുന്നത് ബജറ്റിൽക്കൂടിയാണ്. ധനനയം രാജ്യപുരോഗതിയെ സ്വാധീനിക്കുന്നു. വികസനപ്രവർത്തനങ്ങൾ പരിപോഷിപ്പിക്കാനും വളർച്ച കൈവരിക്കാനും നല്ല ധനനയം വഴി സാധിക്കുന്നു. ധനനയത്തിന്റെ ചില ലക്ഷ്യങ്ങളാണ്

a. സാമ്പത്തികസ്ഥിരത കൈവരിക്കുക.
b. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
c. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക.
d. വിലക്കയറ്റത്തെയും വിലച്ചുരുക്കത്തെയും നിയന്ത്രിക്കുന്നു.
e. അടിസ്ഥാനസൗകര്യത്തിന പൊതുചെലവിന്റെ കൂടുതൽ ഭാഗം ഉപയോഗിക്കണം.
f. സാമ്പത്തിക അസമത്വം കുറയ്ക്കണം.
g. ഉല്പാദനരംഗത്ത് കൂടുതൽ പുരോഗതി ഉണ്ടാകണം.

24. **<u>ധനനയം  വിലക്കയറ്റം വിലച്ചുരുക്കം എന്നിവ നിയന്ത്രിക്കുന്നു:</u>**
ധനനയം സാമ്പത്തികഭദ്രതയെ ബ്ധിക്കുന്ന വിലക്കയറ്റത്തെയും വിലച്ചുരുക്കത്തെയും നിയന്ത്രിക്കുന്നു. വിലക്കയറ്റസമയത്ത് നികുതി വർദ്ധിക്കുന്നു. ഇതിന്റെ ഫലമായി ജനങ്ങളുടെ വാങ്ങൽശേഷി കുറയുന്നു. അതുപോലെ വിലച്ചുരുക്കസമയത്ത് നികുതി കുറയ്ക്കുന്നു. ഇത് ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുന്നു. ഇതിന്റെ ഫലമായി വിപയണിയിൽ ഉല്പന്നങ്ങളുടെ ആവശ്യം വർദ്ധിക്കുന്നു. അങ്ങനെ സാധനങ്ങളുടെ വില ഉയരാൻ കാരണമാവുന്നു.

GHSS PUTHOOR